എസ്റ്റ1/2848/2021-22/KSLASWFB

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും
വില്പനക്കാരുടേയും ക്ഷേമനിധി ബോർഡ്,
ഹെഡ് ഓഫീസ്, തിരുവനന്തപുരം.
തീയതി: 04.03.2022

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ

എല്ലാ ജില്ലാ ക്ഷേമനിധി ഓഫീസർമാർക്കും

സർ,

വിഷയം :- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമനിധി ബോർഡ് - ഹെഡ് ഓഫീസ് - ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താല്ക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിലേക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാകുന്ന ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭിമുഖം നടത്തി തിരഞ്ഞെടുക്കുന്നവരെ കാലതാമസം കൂടാതെ നിയമനം നടത്തി ആയതിന്റെ നടപടിത്തീർപ്പ് യഥാസമയം ജില്ലാ ക്ഷേമനിധി ഓഫീസർമാർ ഹെഡ് ഓഫീസിലേക്ക് ലഭ്യമാക്കേണ്ടതാണ്. ജില്ലാ ക്ഷേമനിധി ഓഫീസർമാർ പ്രസ്തുത നിയമനം നടത്തുന്നതിന് ഹെഡ് ഓഫീസിലേക്ക് അനുമതി തേടുന്നത് അർഹതപ്പെട്ട ഉദ്യോഗാർത്ഥിക്ക് യഥാസമയം നിയമനം ലഭിക്കാതിരിക്കുന്നതിനും കാലാവധി പൂർത്തിയായ ജീവനക്കാർ കൂടുതൽ ദിവസങ്ങൾ ജോലിയിൽ തുടരുന്നതിനും വഴിയൊരുക്കും. ഇത് ഭാവിയിൽ ഓഡിറ്റ് തടസ്സവാദങ്ങൾക്ക് ഇടയാക്കും. ഇങ്ങനെയുണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ക്ഷേമനിധി ഓഫീസർമാർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കും. ആയതിനാൽ പ്രസ്തുത നിയമനങ്ങൾ കാലതാമസം കൂടാതെ നടത്തുവാൻ ജില്ലാ ക്ഷേമനിധി ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ**